ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:02.05.2025**

## പ്രധാനവാർത്തകൾ

1.) **കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം രാജ്യാന്തര തുറമുഖം പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. രാജ്യത്തിന്റെ സാമ്പത്തിക സ്ഥിരതയ്ക്ക് വിഴിഞ്ഞം മുതൽക്കൂട്ടാകുമെന്ന് നരേന്ദ്രമോദി.**

2.) **രാജ്യത്തിൻറെ വികസനത്തിൻറെ മഹാകവാടമാണ് തുറന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

3.) **വേവ്സ് ഉച്ചകോടിയുടെ ഭാഗമായി മുംബൈയിൽ ഇന്ന് ആഗോള മാധ്യമ സംവാദം നടക്കും.**

4.) **കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് പദ്ധതിയുടെ ആറാം ഘട്ടത്തിന് തുടക്കമായി.**

5.) **ഐപിഎൽ ടി20 ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.**

**************************************************************************

RNU TVPM

## <u>വിഴിഞ്ഞം- പ്രധാനമന്ത്രി</u>

കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം രാജ്യാന്തര തുറമുഖം പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിച്ചു. വിഴിഞ്ഞം രാജ്യത്തിനും കേരളത്തിനും സാമ്പത്തിക സ്ഥിരത നൽകുമെന്ന് പദ്ധതി കമ്മീഷൻ ചെയ്തുകൊണ്ട് പ്രധാനമന്ത്രി

പറഞ്ഞു. വിഴിഞ്ഞം പുതുകാലത്തിൻറെ വികസന മാതൃകയാണെന്നും നാടിൻറെ പണം പുറത്തേക്ക് പോകുന്നത് ഒഴിവാകുമെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

ഇന്നലെ രാത്രി തിരുവനന്തപുരത്ത് എത്തിയ പ്രധാനമന്ത്രിയെ മുഖ്യമന്ത്രി പിണറായി വിജയൻ, മേയർ ആര്യാ രാജേന്ദ്രൻ, ശശി തരൂർ എംപി , കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ എന്നിവർ ചേർന്ന് സ്വീകരിച്ചു. രാജ്ഭവനിൽ തങ്ങിയ പ്രധാനമന്ത്രി രാവിലെ 10.15ന് പാങ്ങോട് സൈനിക ക്യാമ്പിൽ നിന്നും ഹെലികോപ്റ്റർ മാർഗമാണ് വിഴിഞ്ഞത്തെത്തിയത്. പോർട്ട് ഓപ്പറേഷൻ സെന്ററും ബെർത്തും കണ്ട ശേഷം 11 മണിയോടെ അദ്ദേഹം കേരളത്തിന്റെ അഭിമാന പദ്ധതി കമ്മീഷൻ ചെയ്തു. ഈഫൽ ടവറിനേക്കാൾ ഉയരമുള്ള കൂറ്റൻ കപ്പലായ എംഎസ്സി സെലിസ്റ്റിനോ മെരിക്കയാണ് കമ്മീഷനിങ്ങിന്റെ ഭാഗമായി വിഴിഞ്ഞത്തെത്തിയിരുന്നു.
ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്ര സഹമന്ത്രിമാരായ ജോർജ്ജ് കുര്യൻ, സുരേഷ് ഗോപി, മന്ത്രിമാരായ സജി ചെറിയാൻ, ജി ആർ അനിൽ, എം പി മാരായ എ എ റഹിം, ജോൺ ബ്രിട്ടാസ്, ശശി തരൂർ, മേയർ ആര്യ രാജേന്ദ്രൻ, എംഎൽഎ എം വിൻസെന്റ്, മുൻ കേന്ദ്രമന്ത്രിയും ബിജെപി സംസ്ഥാന പ്രസിഡന്റുമായ രാജീവ് ചന്ദ്രശേഖർ, അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി, അദാനി പോർട്ട് എംഡി കരൺ അദാനി എന്നിവരും വേദിയിൽ ഉണ്ടായിരുന്നു. കമ്മീഷനിങ്ങിന് സാക്ഷിയാകൻ നൂറുകണക്കിനാളുകൾ വിഴിഞ്ഞത്ത് എത്തി.

RNUTVPM

**************************************************************************

## വിഴിഞ്ഞം- മുഖ്യമന്ത്രി (ഇൻട്രോ)

വിഴിഞ്ഞം രാജ്യത്തിൻറെ വികസനത്തിൻറെ മഹാകവാടമാണ് തുറന്നതെന്ന് മഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇന്ത്യയെ സാർവദേശിയ മാരിടൈം വ്യാപാര ലോജിസ്റ്റിക്സ് ഭൂപട ശൃംഖലയിൽ കണ്ണി ചേർക്കുന്ന മഹാസംരംഭമാണ് സാധ്യമായത്. നാടിന്റെ ഒരുമയും ജനങ്ങളുടെ ഐക്യവുമാണ് പദ്ധതി പൂർത്തിയാക്കാൻ അവസരമുണ്ടാക്കിയത്. ആദ്യമായാണ് ഇന്ത്യയിൽ ഒരു സംസ്ഥാനത്തിന്റെ മുൻകൈയിൽ, ബൃഹദ് തുറമുഖ നിർമാണം നടന്നത്. ചെലവിന്റെ ഏറിയപങ്കും കേരളമാണ് വഹിച്ചതെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചുകൊണ്ടാണ് മുഖ്യമന്ത്രി പ്രസംഗം ആരംഭിച്ചത്.

RNU TVPM

*****************************************************************

## വിഴിഞ്ഞം-മന്ത്രി വാസവൻ

പ്രകൃതിക്ഷോഭം അടക്കം വലിയ വെല്ലുവിളികളെ അതിജീവിച്ചാണ് വിഴിഞ്ഞം പദ്ധതി സാധ്യമാക്കിയതെന്ന് ചടങ്ങിൽ സ്വാഗതം പറഞ്ഞ മന്ത്രി വി എൻ വാസവൻ പറഞ്ഞു

(വോയ്സ്)

*****************************************************************

## വിഴിഞ്ഞം-സൈഡ്

രാജ്യത്തെ കടൽവഴിയുള്ള ചരക്ക് നീക്കത്തിൽ പുതു ചരിത്രമാണ് വിഴിഞ്ഞം യാഥാർഥ്യമാകുന്നതോടെ സംഭവിക്കുന്നത്. ദക്ഷിണേഷ്യയിലെ തന്നെ ആദ്യത്തെ സെമി

ഓട്ടോമേറ്റഡ് തുറമുഖമാണിത്. രാജ്യാന്തര കപ്പൽ പാതയിൽ നിന്നും 10 നോട്ടിക്കൽ മൈൽ അകലെ മാത്രമാണ് വിഴിഞ്ഞം. തുറമുഖത്തിൻറെ പ്രകൃതിദത്തമായ സ്വാഭാവിക ആഴം ആണ് ഏറ്റവും വലിയ പ്രത്യേകത. ഡ്രെജിങ് നടത്താതെ തന്നെ വലിയ മദർഷിപ്പുകൾക്ക് എപ്പോൾ വേണമെങ്കിലും വിഴിഞ്ഞത്ത് ബർത്ത് ചെയ്യാം. ചരക്ക് നീക്കത്തിനായി റെയിൽ റോഡ് ഗതാഗതം കൂടി സുഗമമാക്കുന്നതോടെ വിഴിഞ്ഞം തുറമുഖം

കേരളത്തിന്റെ വികസന സാധ്യതകൾ തുറന്നിടും.

****************************************************************************

## പ്രധാനമന്ത്രി -ആന്ധ്ര

ഇന്ന് ഉച്ചയ്ക്കുശേഷം ആന്ധ്രപ്രദേശിലെത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി അമരാവതിയിൽ 58,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. 6 ദേശീയ പാതകൾക്കും ഒരു റെയിൽവേ പദ്ധതിക്കും തറക്കല്ലിടും. ഏഴ് ദേശീയ പാതകൾ ഉദ്ഘാടനം ചെയ്യും. നിയമസഭയും ഹൈക്കോടതിയും ഉൾപ്പെടെ അടിസ്ഥാന സൗകര്യ പദ്ധതികൾക്കും തറക്കല്ലിടും. ആന്ധ്രയിലെ നാഗയലങ്കയിൽ മിസൈൽ പരീക്ഷണ കേന്ദ്രത്തിനും പ്രധാനമന്ത്രി തറക്കല്ലിടും.

RNUTVPM

****************************************************************************

## പി.രാജീവ്- വിഴിഞ്ഞം

വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുന്നതോടെ അനന്തമായ സാധ്യതകളാണ് കേരളത്തിന് മുന്നിൽ തുറക്കുന്നത് എന്ന് മന്ത്രി പി രാജീവ്. ട്രയൽ റൺ തുടങ്ങിയപ്പോൾ തന്നെ മുന്നൂറോളം കപ്പലുകൾ തീരത്തടുത്ത വിഴിഞ്ഞം ദക്ഷിണേഷ്യയിലെ ആദ്യ സെമി ഓട്ടോമേറ്റഡ് തുറമുഖം കൂടിയാണ്. ഇത് കേരളത്തിനാകെ അഭിമാന നിമിഷമാണെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

***************************************************************

## വേവ്സ് -ലാൽ (ഇൻട്രോ)

ആഗോള മാധ്യമ, വിനോദ മേഖലയിൽ രാജ്യത്തിൻറെ ഇടപെടലുകളിൽ സുപ്രധാന നാഴികക്കല്ല് സൃഷ്ടിച്ചുകൊണ്ട്, വേവ്സ് ഉച്ചകോടി മുംബൈയിൽ തുടരുന്നു. ഉച്ചകോടിയുടെ ഭാഗമായി ഇന്ന് നടക്കുന്ന പ്രഥമ ആഗോള മാധ്യമ സംവാദത്തിൽ 60- ലധികം രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കും. ഉച്ചകോടിയുടെ ഭാഗമായി ഇന്നലെ ബോളിവുഡ് താരം അക്ഷയ് കുമാർ നിയന്ത്രിച്ച സംവാദ പരിപാടിയിൽ ചലച്ചിത്രതാരം മോഹൻലാൽ പങ്കെടുത്തു. മലയാള സിനിമയിൽ കലാമൂല്യമുള്ള സിനിമകളും വിനോദമൂല്യമുള്ള സിനിമകളും തമ്മിലുള്ള അന്തരം വളരെ നേർത്തതാണെന്നും കഥാഖ്യാനമാണ് പ്രേക്ഷകരെ സ്പർശിക്കുന്നതെന്നും മോഹൻലാൽ പറഞ്ഞു.

(വോയ്സ്)

നാലുദിവസത്തെ വേവ്സ് ഉച്ചകോടി ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ഉദ്ഘാടനം ചെയ്തത്.

RNU TVPM

***************************************************************

## കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ്

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് പദ്ധതിയുടെ ആറാം ഘട്ടത്തിന് തുടക്കമായി. കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ മന്ത്രി ജെ.ചിഞ്ചുറാണി പ്രതിരോധ കുത്തിവെയ്പ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു. മെയ് 2 മുതൽ 23 വരെയുള്ള 18 പ്രവൃത്തി ദിവസം കൊണ്ട് ഈ യജ്ഞം പൂർത്തീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. 4 മാസത്തിനു മുകളിൽ പ്രായമുള്ള പശു, എരുമ വർഗ്ഗത്തിൽപ്പെട്ട

മുഴുവൻ ഉരുക്കളെയും കുത്തിവയ്പ്പിന് വിധേയമാക്കും. കുത്തിവെപ്പ് തികച്ചും സൗജന്യമാണ്.

## മിനിമം മാർക്ക്

എട്ടാം ക്ലാസിൽ മിനിമം മാർക്ക് നേടാത്ത വിദ്യാർത്ഥികളുടെ പുന:പരീക്ഷാ ഫലം ഇന്ന് അറിയാം. 86,309 വിദ്യാർത്ഥികളാണ് പുന:പരിക്ഷ എഴുതിയത്.

## ഇടുക്കി -ആർച്ച് പാലം (ഇൻട്രോ)

ദക്ഷിണേന്ത്യയിലെ ആദ്യ ആർച്ച് പാലത്തിന് 90 വയസ്സ് തികഞ്ഞു. പെരിയാറിന് കുറുകെ പണികഴിപ്പിച്ച നേര്യമംഗലം പാലമാണ് ഒമ്പത് പതിറ്റാണ്ടായി ഇടുക്കിക്കാർക്ക് പുറം ലോകത്തേക്കുള്ള വാതായനം തുറക്കുന്നത്. രണ്ട് മഹാപ്രളയങ്ങളെയും പാലം അതിജീവിച്ചു.
ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....

(വോയിസ്)

## ഐ.പി.എൽ

ഐപിഎൽ ടി20 ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. അഹമ്മദാബാദിൽ രാത്രി 7.30 നാണ് മത്സരം.

RNU TVPM

## നടൻ - വിഷ്ണുപ്രസാദ് അന്തരിച്ചു

പ്രശസ്ത ചലച്ചിത്ര, സീരിയൽ നടൻ വിഷ്ണു പ്രസാദ് അന്തരിച്ചു. കരൾ രോഗത്തെ തുടർന്ന് ഏറെ നാളുകളായി ചികിത്സയിൽ ആയിരുന്നു. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് തയ്യാറെടുക്കവെയായിരുന്നു അന്ത്യം.

*************************************************************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതേസമയം, പാലക്കാട് ജില്ലയിൽ ഇന്ന് താപനില 37 ഡിഗ്രി വരെ ഉയരാൻ സാധ്യതയുണ്ട്. കടുത്ത ചൂടിന് സാധ്യതയുള്ള ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

**************************************************************************************************

**************************************************************************************

RNU TVPM